## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1622 08.06.2018- ൽ മറുപടിയ്ക്ക്

## ജൈവ കീടനാശിനി ഉത്പാദനം

| ചോദ്യം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ജൈവ കീടനാശിനി ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | (എ) കൃഷി വകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, മങ്കൊമ്പിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് എന്നിവ മുഖേന വിവിധ ജൈവ കീടനാശിനികൾ കർഷകർക്ക് നൽകിവരുന്നു. ഇത് കൂടാതെ കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കർഷകരുടെ കൃഷി ഇടങ്ങളിൽ തന്നെ ഇവ ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള പ്രോത്സാഹനവും സഹായവും കർഷകർക്കും, SHG പോലുള്ള ഗ്രൂപ്പുകൾക്കും നൽകി വരുന്നു. കൃഷിവകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വാങ്ങി ഉപയോഗിക്കാൻ കർഷകർക്ക് സഹായം നൽകുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ഭാഗമായ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേനയും വിള ആരോഗ്യപരിപാലനത്തിൽ ഡിപ്ലോമ കോഴ്സ് ചെയ്ത കൃഷി ഓഫീസർമാർ പ്രവർത്തിക്കുന്ന കൃഷിഭവനുകളിലും ജൈവകീടരോഗ ഉപാധികൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(ബി) ജൈവകീടനാശിനി ഉത്പാദനത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ പുതിയ പദ്ധതികൾ സർക്കാർ നടപ്പിലാക്കുമോ?

(ബി) ജൈവകീടരോഗ നിയന്ത്രണ ഉപാധികളുടെ ഉപയോഗത്തിലൂടെ വിഷാംശമല്ലാത്ത ഭക്ഷ്യവിളകൾ ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടപ്പിലാക്കി വരുന്നു. വിള ആരോഗ്യപരിപാലന പദ്ധതിയിൻ കീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, മറ്റ് ജൈവ നിയന്ത്രണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദ കൃഷി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നു.

കീടരോഗബാധ മുൻകൂട്ടി കണ്ടെത്തി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി 202 പഞ്ചായത്തുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും 4 ജില്ലകളിൽ ജില്ലാതല റഫറൽ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. നടപ്പു വർഷം 56 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും ഒരു ജില്ലാതല റഫറൽ ക്ലിനിക്കും ആരംഭിയ്ക്കാൻ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ